# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6259** **20.11.2019 ലെ മറുപടി**

**വെള്ളപ്പൊക്ക സാധ്യതാ പ്രദേശങ്ങൾ സംബന്ധിച്ച മാപ്പുകൾ**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.സി. ദിവാകരൻ<br>,, ആർ. രാമചന്ദ്രൻ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>,, വി.ആർ. സുനിൽ കുമാർ :** | | **കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വെള്ളപ്പൊക്ക സാധ്യതാ പ്രദേശങ്ങൾ സംബന്ധിച്ച മാപ്പുകൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഡാമുകളുടെ താഴെ ഒഴുക്കിന്റെ ദിശയിൽ വെള്ളപ്പൊക്ക സാധ്യതാ പ്രദേശങ്ങൾ തിരിച്ചറിയാൻ വേണ്ടി കേന്ദ്ര ജലക്കമ്മീഷന്റെ സഹായത്തോടെ 14 ഡാമുകളുടെ (വെള്ളപ്പൊക്ക സാധ്യതാ മാപ്പ് (Inundation Map )തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | വെള്ളപ്പൊക്ക സാധ്യതാ പ്രദേശങ്ങളുടെ മാപ്പിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കുമോ; | (ബി) | വെള്ളപ്പൊക്ക സാധ്യത മാപ്പിന്റെ അടിസ്ഥാനത്തിൽ 14 ഡാമുകളുടെ എമർജൻസി ആക്ഷൻ പ്ലാൻ (EAP) തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | ഇതിനായി തയ്യാറാക്കുന്ന ആക്ഷൻ പ്ലാനിൽ എന്തെല്ലാം ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | എമർജൻസി ആക്ഷൻ പ്ലാനിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ, വേണ്ട തയ്യാറെടുപ്പുകൾ പരിഹാര പ്രവർത്തികൾ തുടങ്ങിയവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ഡി) | ഡാമുകളുടെ വിവരങ്ങൾ ആധികാരിക രേഖയായി ഉപയോഗിക്കുന്നതിന് കേന്ദ്ര ജലക്കമ്മീഷന്റെ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തേണ്ടതുണ്ടോ; എങ്കിൽ ആയതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | (ഡി) | കേന്ദ്ര ജലക്കമ്മീഷന്റെ പോർട്ടലിൽ പ്രസിദ്ധീകരിക്കാനായി ഡാമുകളെ സംബന്ധിച്ച ഒരു ഡാറ്റാ ബാങ്ക് DHARMA (Dam Health and Rehabilitation Monitoring Application) എന്ന പേരിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ആയതിൽ ഡാമുകളെ സംബന്ധിച്ച വിവരങ്ങൾ നിർദ്ദിഷ്ട മാതൃകയിൽ നൽകുന്നതിന് അതാത് ഡാം എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിവരം രേഖപ്പെടുത്തൽ ഏകദേശം 83% പൂർത്തീകരിച്ചു. |

സെക്ഷൻ ഓഫീസർ